# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3912 — 12.12.2018 ൽ മറുപടിക്ക്

**ആശുപത്രി സെല്ലിൽ തൂങ്ങിമരിച്ച പ്രതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വിൻസെന്റ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) അമരവിള എക്സൈസ് പിടികൂടിയ വിളവൻകോട് മീനച്ചൽ ആർ.സി.സ്ട്രീറ്റിൽ പരേതനായ സൈമൺ ന്റെ മകൻ അനീഷ് 24.07.2018 ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് സെല്ലിൽ തൂങ്ങിമരിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) കണ്ടെത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത മരണത്തിൽ ദുരൂഹത ആരോപിച്ച് ബന്ധുക്കൾ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച അന്വേഷണം നടത്തിയോ; | (ബി) പരാതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.1083/2018 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ഫൈനൽ റിപ്പോർട്ട് ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അനീഷിന്റെ ബന്ധുക്കൾ സമർപ്പിച്ചിരുന്ന WP(C) No.27122/2018-ാം നമ്പർ ഹർജി വാദം കേട്ടശേഷം ബഹു.ഹൈക്കോടതി തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ്/പോലീസ് അറസ്റ്റ് ചെയ്ത എത്ര പ്രതികൾ ആശുപത്രി സെല്ലിൽ തൂങ്ങിമരിച്ചതായി കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് പിടികൂടിയ വിളവൻകോട് മീനച്ചൽ ആർ.സി.സ്ട്രീറ്റിൽ സൈമൺ മകൻ അനീഷ് എക്സൈസ് അറസ്റ്റ് ചെയ്ത് UT 9275-ാം നമ്പരായി തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിൽ വിചാരണ തടവുകാരനായിരിക്കെ ആശുപത്രി സെല്ലിൽ തൂങ്ങിമരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ